LIBRARY ARCHIVES Kerala Legislative Assembly

ആറൻമുള–പന്തളം റോഡ്

*നമ്പർ. (ചോ) ശ്രീ. കണ്ണാറ ഗോപാലപണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ആറൻമുള–പന്തളംറോഡ് വീതികൂട്ടി പുതുക്കുന്നതിനു പണി ഇഴഞ്ഞിയിട്ട് എത്ര നാളായി എന്നു പറയുമോ;

(ബി) അതിന്റെ പുതുക്കിപണി തുടങ്ങിയശേഷം ഇതേവരെ എത്ര ചിലവായിട്ടുണ്ട്;

(സി) അതു് എന്നത്തേയ്ക്കു് പൂർത്തിയാകുമെന്നു് പറയാമോ?

പൊതു മരാമത്തുവകുപ്പുമന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള):

(എ) ഇപ്പോൾ മൂന്നു വർഷമായി.

(ബി) 6,06,000 രൂപാ.

(സി) ഈയാണ്ടിൽതന്നെ പൂർത്തിയാകുമെന്നു പ്രതീക്ഷിക്കുന്നു.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: ഇതിനു കോൺട്രാക്ടു് കൊടുത്തിരിക്കുന്നതു് ആരെക്കാണു്?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അതു മെമ്പർക്കുതന്നെ അറിയാവുന്നതാണു്

പാലംപണി

*നമ്പർ. (ചോ) ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) കൊടുങ്ങല്ലൂരിൽ മേത്തല വില്ലേജിൽ ഉണ്ടെക്കടവിനും പാലിയം തുരുത്തിനും ഇടയ്ക്കുള്ള തോട്ടിലെ പാലംപണി മുഴമിപ്പിക്കാതെ നിന്നിപ്പോകാനുള്ള കാരണമെന്തെന്നു്?

(ബി) ഈ പാലംപണിമുഴമിപ്പിക്കാത്തതുമൂലം ആ ഭാഗങ്ങളിലുള്ള അനേകായിരം ജനങ്ങൾക്ക് യാതായാതത്തിനു വളരെ ബുദ്ധിമുട്ടു നേരിടുന്നുണ്ടെന്നു മരാമത്തുമന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

(സി) തോട്ടിന്റെ നടുവിൽ പണി പൂർത്തിയാക്കാതെ നിൽക്കുന്ന കോൺക്രീറ്റ് കാലുകളിൽ മട്ടി രാത്രി സമയങ്ങളിൽ വള്ളങ്ങൾക്കു വലിയ അപകടം സംഭവിക്കുന്നുണ്ടെന്നു മരാമത്തുമന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

(ഡി) ഈ പാലംപണി അടുത്തു പൂർത്തിയാക്കാൻ മരാമത്തു് ഉദ്ദേശിക്കുന്നുണ്ടോ?

Minister for Public Works (Sri. G. Chandrasekhara Pillai): The answer is not ready.

കൊടുങ്ങല്ലൂർ ഹൈസ്കൂൾ മതിൽ

*നമ്പർ. (ചോ) ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊടുങ്ങല്ലൂർ ബോയിസ് ഹൈസ്കൂൾ കമ്പൗണ്ടിനു ചുറ്റും ഇപ്പോൾ കെട്ടിയിട്ടുള്ള മതിൽ സ്കൂൾ പ്രൊപ്പർട്ടിക്കു തടസ്ഥമായ വിധമാണെന്നു മരാമത്തുമന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?